# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലിക സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും നല്കി ഉത്തരവാകുന്നു-

പരാമർശം : 1. 23.11.2020 ലെ ഈ ഓഫീസിലെ E3-26458/2020/Prhq നമ്പർ ഉത്തരവ്.
2. അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ സോണി എസ് സമർപ്പിച്ച 28.12.2020 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ. E6-1177/2020/PrHQ; തീയതി : 23-02-2021</u>**

കണ്ണൂർ സെൻട്രൽ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I (പ്രൊവിഷണൽ) ശ്രീ ബാബു സി ടി, വിരമിക്കുന്നതിന് മുന്നോടിയായി 01.01.2021 മുതൽ 30.04.2021 വരെ പരാമർശം 1 പ്രകാരം പരിവർത്തിതാവധി എടുത്തതിനാലും കൊല്ലം ജില്ലാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ സന്തോഷ് കുമാർ ജി 31.01.2021 ൽ സർവീസിൽ നിന്നും വിരമിച്ചതിനാലും അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ പ്രൊമോഷൻ ക്വാട്ടായിൽ രണ്ട് (2) ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

ജയിൽ സ്ഥാപനങ്ങളിലെ എസ്റ്റാബ്ലിഷ്മെൻറ്, റെമിഷൻ, അക്കൗണ്ട്സ്, മാനുഫാക്ടറി, ഫുഡ് യൂണിറ്റുകൾ തുടങ്ങിയ സെക്ഷനുകളുടെ ചുമതല നിർവഹിക്കേണ്ടത് അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ ഉദ്യോഗസ്ഥരാണ്. കൂടാതെ സംസ്ഥാനത്തിലെ 16 സബ് ജയിലുകളിലെ മേൽനോട്ട ചുമതലയുള്ള സൂപ്രണ്ട് തസ്തികയിൽ നിയമിക്കപ്പെടേണ്ടതും അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ ഉദ്യോഗസ്ഥരാണ്. ജയിലുകളിൽ മേൽനോട്ട ചുമതലയുള്ള അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ജീവനക്കാരുടെ അഭാവം ജയിൽ നടത്തിപ്പിനെ വളരെ ഗുരുതരമായി ബാധിക്കുന്ന അവസ്ഥയാണുള്ളത്. ജയിലുകളിലെ സുരക്ഷാപരമായ കാര്യങ്ങളെയും ഗ്രേഡ് I ജീവനക്കാർക്ക് സ്വതന്ത്ര ചുമതലയുള്ള സബ് ജയിലുകളിലെ ദൈനംദിന പ്രവർത്തനങ്ങളെയും ജീവനക്കാരുടെ അഭാവം വളരെയധികം ബാധിക്കുന്നുണ്ട്.

അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കേണ്ട അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ജീവനക്കാർ 22 വർഷത്തിലധികം സർവ്വീസ് ഉള്ളവരും ചിലരെങ്കിലും സമയ ബന്ധിത ഹയർ ഗ്രേഡ് പ്രമോഷൻ മുഖാന്തിരം പ്രമോഷൻ തസ്തികയിലേതിനു തുല്യമായ ശമ്പള സ്കെയിൽ ആർജിച്ചവരും ഗ്രേഡ് പ്രമോഷൻ കിട്ടയത് മൂലം യൂണിഫോം ധരിക്കുന്നവരുമാണ്.

മേൽ സാഹചര്യത്തിൽ ജയിൽ സ്ഥാപനങ്ങളുടെ സുഗമവും സുരക്ഷാപരവും കാര്യക്ഷമവുമായ നടത്തിപ്പ് മുൻനിർത്തി ചുവടെ ചേർക്കുന്ന പ്രകാരം ഉത്തരവാകുന്നു.

കണ്ണൂർ സെൻട്രൽ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ രാമചന്ദ്രൻ വി വി യെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലികമായി സ്ഥാനക്കയറ്റം നല്കി കണ്ണൂർ സെൻട്രൽ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ സന്തോഷ് കുമാർ എ പി യെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലികമായി സ്ഥാനക്കയറ്റം നല്കി കണ്ണൂർ ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ സോണി എസ് നേ പരാമർശം 2 പ്രകാരം കൊല്ലം ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ടി താൽകാലിക സ്ഥാനക്കയറ്റങ്ങൾ സർക്കാർ അംഗീകാരത്തിന് വിധേയവും അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് ബഹു.കോടതികളിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ ഉത്തരവുകൾക്ക് വിധേയവുമായിരിക്കും.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ജീവനക്കാർ (സൂപ്രണ്ട് മുഖാന്തിരം)
2. സൂപ്രണ്ട്
സെൻട്രൽ ജയിൽ കണ്ണൂർ
അതീവ സുരക്ഷാ ജയിൽ വിയ്യൂർ
ജില്ലാ ജയിൽ കണ്ണൂർ / കൊല്ലം
സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), പ്രിസൺസ്വെബ് സൈറ്റ്, ഐടി സെൽ, ഫയൽ, കരുതൽ ഫയൽ.